**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ അഖിലേന്ത്യാ ശരാശരി എത്രയാണ്; സംസ്ഥാനത്ത് എത്ര ശതമാനം പണികൾ നാളിതുവരെ പൂർത്തീകരിച്ചു; പദ്ധതി നടത്തിപ്പിൽ സംസ്ഥാനം വളരെ പിന്നിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>ഗ്രാമീണ വീടുകളിലെ നിലവിലുള്ള കുടിവെള്ള കണക്ഷന്റെ ശതമാനത്തെ അടിസ്ഥാനമാക്കി അഖിലേന്ത്യാ ശരാശരി 81 .08 ശതമാനമാണ് . കേരളത്തിൽ അത് 55 ശതമാനമാണ്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ).<br><br>ഇപ്പോൾ 7 ജില്ലകൾ 50% മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).<br><br>3 ജില്ലകൾ 45% മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). |

മറ്റ് ജില്ലകൾ - 30 % മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50% മുകളിൽ കവറേജ് കൈവരിച്ചു.

9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).

വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവർത്തികളിൽ 3214 പ്രവർത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവർത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. (16/8/2024 നു ശേഷം ലഭിച്ച ഓഫറുകൾ വർക്ക് അവാർഡ് ചെയ്യുവാൻ നാഷണൽ ജല ജീവൻ മിഷൻ്റെ കൂടി അനുമതി ആവശ്യമുണ്ട്. ഇതിനായി NJJM നു കത്ത് നൽകിയിട്ടുണ്ട്.)

ദേശീയ തലത്തിൽ 2019-ൽ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25% ൽ താഴെയായിരുന്നു.

പദ്ധതി ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ പല ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്കരിക്കേണ്ടി വന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഗ്രാമീണ - നഗര സ്വഭാവം വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുണ്ട്. ഇതു മൂലം ചെറു പദ്ധതികളിലൂടെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ എത്തിക്കുക പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ അടുത്ത 30 വർഷത്തേക്കു കൂടിയുള്ള ആസൂത്രണത്തോടെ സ്ഥായിയായ കുടിവെള്ള പദ്ധതികളാണു നടപ്പിലാക്കുന്നത്. കേരളത്തിലെ ഗ്രാമ-നഗര വ്യത്യാസമില്ലാത്ത സാഹചര്യവും, ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ

| | | | |
|---|---|---|---|
| | | | പദ്ധതികൾ പൂർത്തിയാക്കുവാൻ കൂടുതൽ സമയം ആവശ്യമാണ്.<br><br>മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ കൂടുതൽ ഗ്രാമീണ റോഡുകളും മെച്ചപ്പെട്ട ടാർ റോഡുകളാണ്. പദ്ധതികളുടെ പൈപ്പ് ലയിൻ സ്ഥാപിക്കണമെങ്കിൽ ഈ റോഡുകൾ വഴി മാത്രമേ സാധ്യമാവുകയുള്ളൂ. ഇതിനു ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതിനിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി തുടങ്ങിയതിനുശേഷം നാലുവർഷംകൊണ്ടു തന്നെ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷൻ നൽകാൻ കഴിഞ്ഞു. 30 ശതമാനത്തോളം വർദ്ധന ഗ്രാമീണ കണക്ഷനുകളുടെ കവറേജിൽ ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു.<br><br>നിലവിലുള്ള കുടിവെള്ള കണക്ഷന്റെ ശതമാനത്തെ മുൻ നിർത്തിയാണ് കേരളം മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലായതായി നിരീക്ഷിക്കപ്പെടുന്നത്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സുസ്ഥിരത ഉറപ്പാക്കുന്ന ബൃഹത് പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ. നാളിതുവരെ (12/09/2025) 21.13 ലക്ഷം കണക്ഷനുകൾ നൽകി. ഇതു കൂടാതെ 8.17 ലക്ഷം കണക്ഷനുകൾ HTC ആയി നൽകിയിട്ടുണ്ട്. സ്കീമുകളുടെ പ്രൊഡക്ഷൻ കമ്പോണന്റുകളുടെ പൂർത്തീകരണത്തോടെ ഈ കണക്ഷനുകളിലും കുടിവെള്ളമെത്തിക്കുവാൻ കഴിയും. ഇപ്പോൾ കുടിവെള്ളം നൽകുവാൻ കഴിയാത്ത ഈ 8.17 ലക്ഷം കണക്ഷനുകളെ സംസ്ഥാനം ഇപ്പോൾ FHTC കണക്കിൽ ദേശീയ തലത്തിൽ നൽകിയിട്ടില്ല. ഇതും സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കണക്ഷൻ നൽകുന്നതിൽ പിന്നിലാണെന്നുള്ള നിരീക്ഷണത്തിനു കാരണമാണ്.<br><br>ബഹു ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പദ്ധതി ആദ്യം നിശ്ചയിച്ച കാലയളവിൽ പൂർത്തിയാക്കാത്തതിനാലും നൽകിയ കണക്ഷനുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതി പൂർത്തീകരണ കാലാവധി കേന്ദ്ര സർക്കാർ 2028 വരെ നീട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ആകെ എത്ര തുകയാണ് ആവശ്യമായിട്ടുള്ളത്; ഇതിൽ കേന്ദ്ര വിഹിതം എത്രയാണ്; സംസ്ഥാന വിഹിതം എത്രയാണ്; കേന്ദ്രവിഹിതമായി നാളിതുവരെ എത്ര ലഭിച്ചിട്ടുണ്ട്; എത്ര തുക സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ്.<br><br>ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; കേന്ദ്രവിഹിതം കുറയുന്ന സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഏത് രീതിയിൽ കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ ? | (സി) | കേരളത്തിലെ ഗ്രാമ നഗര വ്യത്യാസമില്ലാതെ സാഹചര്യങ്ങളും ദീർഘകാല ആവശ്യങ്ങളും സുസ്ഥിരതയും പരിഗണിച്ച് പ്രതിദിനം ഒരു വ്യക്തിക്ക് 100 ലിറ്റർ എങ്കിലും കുടിവെള്ളം ഉറപ്പുവരുത്തുന്ന തരത്തിലുള്ള പദ്ധതി കളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് .ജെജെഎം മാർഗരേഖ അനുസരിച്ച് ഇത് 55 ലിറ്റർ ആണ് ഇതിനാനുപാധികമായി മൊത്തം ഭരണാനുമതി തുകയിൽ 4511 .70 കോടി രൂപയുടെ 50 % കേന്ദ്ര വിഹിതം കുറച്ചിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15/09/2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ